പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു. കരാർ തുകയിൽ, ആദായനികുതി ഒഴിവാക്കിയശേഷമുള്ള തുകയുടെ 5% തുക കമ്പനിക്ക് ലഭിക്കത്തക്കവിധത്തിലാണ് പ്രവൃത്തികൾ നൽകുന്നത്. ഇപ്രകാരം, കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ലഭിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) കോർപ്പറേഷന് ടെണ്ടറുകളിൽ പ്രത്യേക ഇളവുകൾ സർക്കാർ നല്കിയിട്ടുള്ളതിന്റെ വിശദവിവരം താഴെചേർക്കുന്നു :

1. 13-8-1987-ലെ G.O.(Ms)No.67/87/PW&T നമ്പർ ഉത്തരവ് പ്രകാരം ഒരു 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്.
2. 12-2-1992-ലെ G.O.(Ms)No.16/92/PW&T. നമ്പർ ഉത്തരവ് പ്രകാരം ഈ കമ്പനിയെ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും മറ്റും മരാമത്ത് പണികളെ സംബന്ധിച്ചിടത്തോളം പ്രീ ക്വാളിഫൈഡായി പ്രഖ്യാപിച്ചിട്ടുണ്ട്.
3. 18-8-1998-ലെ G.O.(Ms)No.75/98/PWD നമ്പർ ഉത്തരവ് പ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ്/ഇ.എം.ഡി. എന്നിവ നൽകുന്നതിൽ നിന്നും കോർപ്പറേഷന് ഇളവ് നൽകിയിട്ടുണ്ട്.

(ഇ) 28-4-1988-ലെ G.O.(Ms)No.23/88/PW&T നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന 10% പ്രൈസ് പ്രിഫറൻസ്, 13-1-2015-ലെ G.O.(P) No.14/2015/Fin. നമ്പർ ഉത്തരവ് പ്രകാരം കമ്പനി നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

എടയാർ-ആലച്ചേരി റോഡ് നിർമ്മാണം

288 (1332) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എടയാർ-ആലച്ചേരി റോഡ് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ബി) എടയാർ-ആലച്ചേരി റോഡ് നിർമ്മാണം നീ-ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) എടയാർ-ആലച്ചേരി റോഡിന്റെ കി.മീ. 2/100 മുതൽ 5/000 വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി ഒരു കോടി രൂപ അപ്ഗ്രഡേഷൻ പാക്കേജിൽ അനുവദിക്കുകയും പ്രവൃത്തി കരാറുകാരനെ ഏൽപ്പിക്കുകയുമുണ്ടായി. എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതിനാൽ കരാറുകാരനെ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാറിൽ നിന്നൊഴിവാക്കുകയുണ്ടായി. തുടർന്ന് രണ്ടു തവണ റീ-ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാത്ത സാഹചര്യത്തിൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ വിളിക്കുകയും ഒരു ക്വട്ടേഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ക്വട്ടേഷൻ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.

പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണപുരോഗതി

289 (1333) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ പ്രാദേശികവികസന ഫണ്ടിൽ നിന്നും 27 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്നതിനായി 2013 സെപ്തംബറിൽ കരാർ ഒപ്പിട്ട നേമം നിയോജക മണ്ഡലത്തിലെ പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുന്നക്കാമുഗൾ വാർഡിലെ പ്ലാവിള-കോട്ടുകോണം റോഡിന്റെ രണ്ട് മെറ്റലിംഗ് ജോലികൾ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ പൂർത്തിയായി. ടാറിംഗ്, വെള്ളക്കെട്ടുള്ള ഭാഗത്ത് ഇന്റർലോക്ക് ടൈലിംങ്ങ്, ഒരു ബൈറോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികളാണ് അവശേഷിക്കുന്നത്.

(ബി) കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച കാരണമാണ് പ്രവൃത്തി, നിശ്ചിത സമയത്തിന് പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നത്.

കൊങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് അനുവദിച്ച തുക

290 (1334) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നശേഷം SRIP, SDRF എന്നിവയിൽ ഉൾപ്പെടുത്തി കോങ്ങാട് മണ്ഡലത്തിൽ റോഡുകൾക്ക് എത്ര രൂപ അനുവദിച്ചു എന്ന് റോഡുകളുടെ പേര് ഉൾപ്പെടെയുള്ള വിശദവിവരം നല്കുമോ ;